**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4498** **06-03-2023 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിൽ ഊർജ്ജ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജക മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഓഡിറ്റിന്റെ വിശദാംശം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | • ഇ.എം.സി യുടെ "ഊർജ്ജയാൻ" പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജക മണ്ഡലത്തിൽ താഴെ കൊടുത്തിരിക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട് .<br>1. മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ്<br>2. ഗുരുവായൂർ കോർപ്പറേഷൻ സോണൽ ഓഫീസ്<br>3. അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്<br>4. മണലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്<br>5. വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ്<br>6. വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് ഓഫീസ്<br>7. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്<br>8. എളവള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ്<br>9. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ്<br>10. ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ഓഫീസ്<br>• മേല്പറഞ്ഞ പഞ്ചായത്ത് ഓഫീസുകളുടെ ഊർജ്ജ ഓഡിറ്റ് പൂർത്തീകരിച്ച് ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് അതാത് പഞ്ചായത്ത് ഓഫീസുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് കെട്ടിടങ്ങളുടെ സംക്ഷിപ്ത ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് ബഹുമാനപ്പെട്ട മണലൂർ നിയോജക മണ്ഡല എം.എൽ.എ-യ്ക്കും സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം മണലൂർ നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്ത് ഓഫീസുകളിലുമായി ഊർജ്ജ കാര്യക്ഷമത കുറഞ്ഞ 362 ഫാനുകളും 257 ട്യൂബ് ലൈറ്റുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും എൽ.ഇ.ഡി. ലൈറ്റുകളും മാറ്റി സ്ഥാപിക്കുന്നത് വഴി പ്രതിവർഷം 46,080 യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | ഇതിന്റെ ഭാഗമായി മണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) | • "ഊർജ്ജയാൻ" പദ്ധതിയുടെ തുടർനടപടികളുടെ ഭാഗമായി മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം ഊർജ്ജ കാര്യക്ഷമമാക്കിയിട്ടുണ്ട്.പഞ്ചായത്ത് കെട്ടിടത്തിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി ലൈറ്റുകളും ബി.ഇ.ഇ സ്റ്റാർ റേറ്റഡ് ഫാനുകളും മാറ്റി സ്ഥാപിച്ചു. മേല്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചിലവ് എനർജി മാനേജ്മെന്റ് സെന്ററിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് ചെലവാക്കിയത്. |

സെക്ഷൻ ഓഫീസർ